# തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

## 14-ാം
## പഞ്ചവത്സര പദ്ധതി

## 2025-2026
## കരട് പദ്ധതിരേഖ

# വികസന സെമിനാർ

2025 ജനുവരി 23 വ്യാഴം രാവിലെ 11 മണി

**തിരുവള്ളൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ**



കഠിനമായ ദാരിദ്ര്യത്താൽ
വിശക്കുന്നവന്റെ മുന്നിലേക്ക്
ദൈവത്തിന് റൊട്ടിയായിട്ടെ
പ്രത്യക്ഷപ്പെടാൻ കഴിയുള്ളു.

–മഹാത്മാഗാന്ധി



നമ്മുടെ മതവും മതവിശ്വാസവും
എന്തുമാവട്ടെ നാമെല്ലാം ഒരു
ജനതയാണെന്ന് നിരന്തരം
ഓർമ്മിക്കണം.

–ജവഹർലാൽ നെഹ്റു

# ആമുഖം

ഭാരതം പഞ്ചവത്സര പദ്ധതിയുടെ 14-ാം ഘട്ടത്തിലൂടെ സഞ്ചരിക്കുകയാണ്. വിസ്മയകരമായ രീതിയിൽ അനുദിനം വികസിക്കപ്പെടുന്ന ലോകത്തിനൊപ്പം സഞ്ചരിക്കുവാൻ കഴിഞ്ഞകാല പദ്ധതി പ്രവർത്തനങ്ങൾ നമ്മെ സഹായിച്ചിട്ടുണ്ട്. സ്വയം പര്യാപ്തമായ ഗ്രാമഭൂമിയിൽ നിന്നുകൊണ്ട് രാജ്യഭരണം രൂപപ്പെടുത്താനുള്ള മഹാത്മജിയുടെ ചിന്തകളെ ഹൃദയം ചേർത്തുകൊണ്ട് പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തുടക്കം കുറിച്ച പഞ്ചവത്സരപദ്ധതി യഥാർത്ഥത്തിൽ എല്ലാ വൈവിധ്യങ്ങളുടേയും സംഗമ ഭൂമിയിൽ നിന്ന് ഇന്നത്തെ ഇന്ത്യയെ രൂപപ്പെടുത്തുകയായിരുന്നു. 2015 മുതൽ രാജ്യത്തെ പദ്ധതി പ്രവർത്തനങ്ങളുടെ ഏകേപന നിയന്ത്രണങ്ങൾ നീതി ആയോഗ് എന്ന സംവിധാനത്തിലാണ് നടക്കുന്നത്.

1989 ൽ രാജീവ് ഗാന്ധി പ്രധാനമന്ത്രി ആയിരിക്കെ രൂപം നൽകിയ പഞ്ചായത്തീരാജ് നഗരപാലിക ബില്ലാണ് രാജ്യത്ത് വികേന്ദ്രീകൃത ആസൂത്രണ ഭരണ സംവിധാനത്തിന് തുടക്കമിട്ടത്. വിദ്യാഭ്യാസ നിലവാരത്തിലും രാഷ്ട്രീയ പ്രബുദ്ധതയിലും ഏറെ മുന്നിൽ നിൽക്കുന്ന സംസ്ഥാനം എന്ന നിലക്ക് കേരളത്തിന് അധികാരവികേന്ദ്രീകരണത്തിന്റെ നേട്ടങ്ങൾ വളരെ പെട്ടെന്ന് കരഗതമാക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും അനുദിനം വർദ്ധിച്ചുവരുന്ന പ്രത്യേകിച്ചും പശ്ചാത്തല വികസന ആവശ്യങ്ങളെ അഭിമുഖീകരിക്കാനുള്ള സാമ്പത്തികാവസ്ഥ നമ്മളുൾപ്പെടെ ഒട്ടുമിക്ക ഗ്രാമപഞ്ചായത്തുകൾക്കുമില്ല എന്നുള്ളത് നിലവിലെ വലിയ വെല്ലുവിളിയാണ്. ഇതു മറികടക്കണമെങ്കിൽ സ്വകാര്യ സാമ്പത്തിക പിന്തുണ ഉൾപ്പെടെ ഉണ്ടാകേണ്ടതുണ്ട്.

സമൂഹത്തിലെ ഏറ്റവും അർഹതപ്പെട്ട ആളിൽ തുടങ്ങി മുകളിലോട്ട് ക്ഷേമ പദ്ധതികൾ ലഭ്യമാക്കി നാടിനെ പരമാവധി സന്തുലിതാവസ്ഥയിൽ എത്തിക്കാൻ ജൈവീകവും സാംസ്കാരികവുമായ എല്ലാ നാട്ടുനന്മകളേയും കൂടെ ചേർത്ത് നല്ല ഗ്രാമഭരണം ആഗ്രഹിച്ചുകൊണ്ടുള്ള കരട് വാർഷിക പദ്ധതി പൊതുജന സമക്ഷം സമർപ്പിക്കുന്നു.

സ്നേഹത്തോടെ,

**ഹാജറ പി.സി.**
പ്രസിഡണ്ട്
തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

# ഉള്ളടക്കം


- പൊതുവിവരങ്ങൾ
- അധ്യായം - 1 ........ 12
  ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും
- അധ്യായം - 2 ........ 13
  വികസന സ്ഥിതി അവസ്ഥ
- അധ്യായം - 3 ........ 14
  സാമൂഹ്യ സാംസ്കാരിക ചരിത്രം
- അധ്യായം - 4 ........ 17
  നടപ്പ് വാർഷിക പദ്ധതി അവലോകനം
- അധ്യായം - 5 ........ 19
  വിഭവ സ്രോതസ്സുകളും വിലയിരുത്തലുകളും
- അധ്യായം - 6 ........ 19
  പ്രത്യേക പദ്ധതികൾ
- അധ്യായം - 7 ........ 20
  വികസന കാഴ്ചപ്പാട് ലക്ഷ്യം-തന്ത്രം
- അധ്യായം - 8 ........ 22
  2025-26 വിഭവ സ്രോതസ്സുകൾ
- അധ്യായം - 9 ........ 23
  2025-26 പദ്ധതി നിർദ്ദേശങ്ങൾ
- അധ്യായം - 10 ........ 29
  വായ്പ ബന്ധം
- അധ്യായം - 11 ........ 30
  സമഗ്ര പരിപാടികളും സംയോജന സാധ്യതകളും
- അധ്യായം - 12 ........ 31
  മോണിറ്ററിംഗ് സംവിധാനം
- അധ്യായം - 13 ........ 31
  ഉപസംഹാരം

# പൊതു വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് |
| സ്ഥാപിതം | : | 1962 |
| ഉൾപ്പെടുന്ന വില്ലേജ് | : | കോട്ടപ്പള്ളി, തിരുവള്ളൂർ |
| വിസ്തൃതി | : | 27.78 ച.മീ. |
| ജനസംഖ്യ | : | 35598 |
| പുരുഷൻമാർ | : | 17202 |
| സ്ത്രീകൾ | : | 18396 |
| ജനസാന്ദ്രത | : | 1222/ച.കി.മി. |
| സാക്ഷരത | : | 87.7 |
| സ്ത്രീ സാക്ഷരത | : | 81.82 |
| പട്ടികജാതി ജനസംഖ്യ | : | 1314 |
| സ്ത്രീകൾ | : | 693 |
| പുരുഷൻമാർ | : | 621 |
| പട്ടികവർഗ്ഗം | : | ഇല്ല |
| പട്ടികജാതി കുടുംബങ്ങൾ | : | 363 |
| പട്ടിക വർഗ്ഗ കുടുംബങ്ങൾ | : | ഇല്ല |

***അതിരുകൾ***

| | | |
|---|---|---|
| കിഴക്ക് | : | കുറ്റ്യാടിപ്പുഴ |
| തെക്ക് | : | ചാനിയംകടവ് പുഴ, മണിയൂർ ഗ്രാമപഞ്ചായത്ത് |
| വടക്ക് | : | ആയഞ്ചേരി, വേളം ഗ്രാമപഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് |
| വാർഡുകൾ | : | 20 |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | കടമേരി, ചെമ്മരത്തൂർ, തോടന്നൂർ<br>തിരുവള്ളൂർ, വെള്ളൂക്കര |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | ചോറോട്<br>മണിയൂർ<br>പയ്യോളി അങ്ങാടി |
| നിയമസഭാ മണ്ഡലം | : | കുറ്റ്യാടി –<br>ശ്രീ. കെ.പി. കുഞ്ഞമ്മദ്കുട്ടിമാസ്റ്റർ എം.എൽ.എ. |
| ലോകസഭാ മണ്ഡലം | : | വടകര –<br>ശ്രീ. ഷാഫി പറമ്പിൽ എം.പി. |

# മുൻകാല ഭരണ സാരഥികൾ

| | | |
|---|---|---|
| 1964 – 1979 | : | കെ.സി.അച്ചുതൻ വൈദ്യർ (പ്രസിഡ്) <br> നന്തോത്ത് മൂസ്സഹാജി (വൈസ്. പ്രസിഡ്) |
| 1979 – 88 | : | കിയിൽ അബ്ദുള്ള (പ്രസിഡ്) <br> അമ്മാരപ്പള്ളി കുഞ്ഞിശങ്കരൻ (വൈസ്. പ്രസിഡ്) |
| 1988 – 1995 | : | മരുതിയാട്ട് കുഞ്ഞിക്കണ്ണൻ വൈദ്യർ (പ്രസിഡ്) <br> എം.പി.ബാലൻ (വൈസ്. പ്രസിഡ്) |
| 1995 – 2000 | : | ഇ.കൃഷ്ണൻ (പ്രസിഡ്) <br> എം.ഗോപാലക്കുറുപ്പ് (വൈസ്. പ്രസിഡ്) |
| 2000 – 2005 | : | ടി.കെ.ശാന്ത ടീച്ചർ (പ്രസിഡ്) <br> ഇ. കൃഷ്ണൻ (വൈസ്. പ്രസിഡ്) |
| 2005 – 2010 | : | എടത്തട്ട രാധാകൃഷ്ണൻ (പ്രസിഡ്) <br> എം.സി.പ്രേമചന്ദ്രൻ (വൈസ് പ്രസിഡ്) |
| 2010 – 2015 | : | ടി.കെ.ശാന്ത ടീച്ചർ (പ്രസിഡ്) <br> എൻ.കെ.വൈദ്യർ (വൈസ് പ്രസിഡ്) |
| 2015 – 2020 | : | എ.മോഹനൻ മാസ്റ്റർ (പ്രസിഡ്) <br> ടി.വി.സഫീറ (വൈസ് പ്രസിഡ്) |
| 2020 – 2024 | : | സബിത മണക്കുനി (പ്രസിഡ്) |

# ഭരണ സമിതി അംഗങ്ങൾ

| വാർഡ് | വാർഡിന്റെ പേര് | മെമ്പർമാരുടെ പേര് | മേൽവിലാസം | ചുമതല | ഫോൺ |
|---|---|---|---|---|---|
| 1 | വള്ള്യാട് | ബവിത്ത് മലോൽ | മലോൽ<br>കോട്ടപ്പള്ളി. പി. ഒ | മെമ്പർ | 9495858417 |
| 2 | വള്ള്യാട് ഈസ്റ്റ് | പി.അബ്ദുറഹിമാൻ<br>മാസ്റ്റർ | പോയത്ത്<br>വള്ള്യാട് പി. ഒ | ചെയർമാൻ<br>ക്ഷേമകാര്യം | 9495971400 |
| 3 | പൈങ്ങോട്ടായി | ഹംസ വായേരി | വായേരി<br>കോട്ടപ്പള്ളി . പി. ഒ | മെമ്പർ | 9497859891 |
| 4 | കണ്ണമ്പത്ത്കര | ഡി. പ്രജീഷ് | സമസ്യ<br>തിരുവള്ളൂർ പി. ഒ | മെമ്പർ | 9447582198 |
| 5 | തിരുവള്ളൂർ<br>സെന്റർ | ഷഹനാസ് കെ.വി. | കല്ലുവയൽ<br>തിരുവള്ളൂർ പി. ഒ | ചെയർപേഴ്സൺ<br>ആരോഗ്യ-വിദ്യാഭ്യാസം | 8281673997 |
| 6 | തിരുവള്ളൂർ<br>നോർത്ത് | നിഷില കോരപ്പാണ്ടി | എടപ്പൊയിൽ<br>കോട്ടപ്പള്ളി പി. ഒ | ചെയർപേഴ്സൺ<br>വികസനകാര്യം | 9446177920 |
| 7 | തണ്ടോട്ടി | ഗോപിനാരായണൻ | ചില്ല<br>തിരുവള്ളൂർ പി. ഒ | മെമ്പർ | 9446778789 |
| 8 | കാഞ്ഞിരാട്ടുതറ | ജസ്മിന ചങ്ങരോത്ത് | ചങ്ങരോത്ത്<br>തിരുവള്ളൂർ പി. ഒ | മെമ്പർ | 9446068717 |
| 9 | നിടുംമ്പ്രമണ്ണ | ഹാജറ പി.സി. | പുല്ലഞ്ചേരി<br>തിരുവള്ളൂർ പി. ഒ | പ്രസിഡണ്ട് | 9846561812 |
| 10 | ചാനിയംകടവ് | പ്രസിന | അരുകുറുങ്ങോട്ട്<br>ചാനിയംകടവ് പി.ഒ | മെമ്പർ | 9539633927 |
| 11 | വെള്ളൂക്കര | സി.വി. രവീന്ദ്രൻ | ചെറുവിളയാട്ട്<br>ചാനിയംകടവ് പി. ഒ | മെമ്പർ | 9495337703 |
| 12 | തിരുവള്ളൂർ<br>സൗത്ത് | കെ.വി.ഗോപാലൻ | കോറോംവീട്ടിൽ<br>തിരുവള്ളൂർ പി. ഒ | മെമ്പർ | 9497646255 |
| 13 | കന്നിനട | സബിത മണക്കുനി | അഞ്ജനം<br>കോട്ടപ്പള്ളി പി.ഒ. | മെമ്പർ | 9497876128 |
| 14 | തോടന്നൂർ<br>നോർത്ത് | രമ്യ പുലക്കുന്നുമ്മൽ | പുലക്കുന്നുമ്മൽ<br>തോടന്നൂർ പി.ഒ | മെമ്പർ | 7510524576 |
| 15 | തോടന്നൂർ ടൗൺ | എഫ്.എം.മുനീർ | ഫാത്തിമ മൻസിൽ<br>തോടന്നൂർ പി.ഒ | വൈസ്<br>പ്രസിഡണ്ട് | 9061051294 |
| 16 | ആര്യന്നൂർ | ഗീത പനയുള്ളതിൽ | പനയുള്ളതിൽ<br>ചെമ്മരത്തൂർ പി.ഒ | മെമ്പർ | 8086477137 |
| 17 | ചെമ്മരത്തൂർ<br>വെസ്റ്റ് | രതീഷ് അനന്തോത്ത് | അനന്തോത്ത്<br>ചെമ്മരത്തൂർ. പി.ഒ | മെമ്പർ | 9447938820 |
| 18 | ചെമ്മരത്തൂർ<br>സൗത്ത് | പി.പി.രാജൻ | പാലയാട്ട് പൊയിൽ<br>ചെമ്മരത്തൂർ. പി.ഒ | മെമ്പർ | 7025067981 |
| 19 | ചെമ്മരത്തൂർ<br>നോർത്ത് | സഫീറ ടി.വി. | കണ്ണൻകണ്ടി<br>കോട്ടപ്പള്ളി പി.ഒ | മെമ്പർ | 9005280616 |
| 20 | കോട്ടപ്പള്ളി<br>നോർത്ത് | നബീല കെ.സി. | കിഴക്കെ ചെറിയ ചാലിൽ<br>വള്ള്യാട് പി.ഒ | മെമ്പർ | 9496917075 |
| 21 | സെക്രട്ടറി | സജിത്ത്കുമാർ എം.കെ. | തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് | | 9496048145 |

# വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ

## ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

| | | |
|---|---|---|
| ചെയർമാൻ | : | എഫ്.എം.മുനീർ |
| മെമ്പർമാർ | : | ഹംസ വായേരി |
| | | പ്രസിന അരുകുറുങ്ങോട്ട് |
| | | രവീന്ദ്രൻ സി.വി. |
| | | ഗീത പനയുള്ളതിൽ |

## വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

| | | |
|---|---|---|
| ചെയർപേഴ്സൺ | : | നിഷില കോരപ്പാണ്ടി |
| മെമ്പർമാർ | : | ബവിത്ത് മലോൽ |
| | | ഗോപിനാരായണൻ |
| | | കെ.വി.ഗോപാലൻ |

## ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

| | | |
|---|---|---|
| ചെയർമാൻ | : | പി.അബ്ദുറഹിമാൻ മാസ്റ്റർ |
| മെമ്പർമാർ | : | രമ്യ പുലക്കുന്നുമ്മൽ |
| | | രതീഷ് അനന്തോത്ത് |
| | | രാജൻ പി.പി. |
| | | നബീല കെ.സി. |

## വിദ്യാഭ്യാസ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി

| | | |
|---|---|---|
| ചെയർപേഴ്സൺ | : | ഷഹനാസ് കെ.വി. |
| മെമ്പർമാർ | : | ജസ്മിന ചങ്ങരോത്ത് |
| | | ടി.വി. സഫീറ |
| | | ഡി.പ്രജീഷ് |

# പഞ്ചായത്ത്തല ആസൂത്രണ സമിതി അംഗങ്ങൾ

| പേര് | ഫോൺ | സ്ഥാനം |
|---|---|---|
| പി.സി. ഹാജറ | 9846561812 | അധ്യക്ഷ |
| കെ.മൊയ്തീൻ മാസ്റ്റർ | 9400691195 | ഉപാധ്യക്ഷൻ |
| എഫ്.എം.മുനീർ | 9061051294 | അംഗം<br>വൈസ് പ്രസിഡണ്ട് |
| നിഷില കോരപ്പാണ്ടി | 9446177920 | അംഗം/ചെയർപേഴ്സൺ<br>വികസനകാര്യ സ്റ്റാൻഡിംഗ്<br>കമ്മിറ്റി |
| പി.അബ്ദുറഹിമാൻ മാസ്റ്റർ | 9495971400 | അംഗം/ചെയർമാൻ<br>ക്ഷേമകാര്യ സ്റ്റാൻഡിംഗ്<br>കമ്മിറ്റി |
| ഷഹനാസ് കെ.വി. | 8281673997 | അംഗം/ചെയർപേഴ്സൺ<br>വിദ്യാഭ്യാസ - ആരോഗ്യ<br>സ്റ്റാൻഡിംഗ് കമ്മിറ്റി |
| സെക്രട്ടറി<br>സജിത്ത്കുമാർ എം.കെ. | 9496048145 | കൺവീനർ |
| എടവത്ത്കണ്ടി കുഞ്ഞിരാമൻ | 9495646416 | അംഗം |
| കണ്ണോത്ത് സൂപ്പിഹാജി | 8943853612 | അംഗം |
| ശ്രീജിത്ത് എടത്തട്ട | 9446731490 | അംഗം |
| ടി.കെ.ബാലൻ | 9495261416 | അംഗം |
| ആർ.കെ.മുഹമ്മദ് | 9447130519 | അംഗം |
| ആർ.രാമകൃഷ്ണൻ | 9497577405 | അംഗം |
| വി.കെ.ബാലൻമാസ്റ്റർ | 9446520924 | അംഗം |
| പ്രൊഫ. ഇ.ശശീന്ദ്രൻ | 9495661781 | അംഗം |

# പ്രവർത്തന കമ്മിറ്റി (വർക്കിംഗ് ഗ്രൂപ്പ്)

| മേഖല | കൺവീനർ | ചെയർമാൻ | വൈസ് ചെയർമാൻ |
|---|---|---|---|
| കൃഷിയും അനുബന്ധ മേഖലയും | കൃഷി ഓഫീസർ | ഗോപിനാരായണൻ | കൊളാണ്ടി ബഷീർ |
| മൃഗസംരക്ഷണവും ക്ഷീകവികസനവും | വെറ്ററിനറി സർജൻ | സബിത മണക്കുനി | മൊയ്തു കുണ്ടാറ്റിൽ |
| പൊതുമരാമത്ത്-ഊർജ്ജം | അസി.എഞ്ചിനിയർ | ബവിത്ത് മലോൽ | ആർ.കെ. മുഹമ്മദ് |
| പട്ടികജാതി വികസനം | അസി.സെക്രട്ടറി | കെ.വി.ഗോപാലൻ | ചാത്തു പുളിയനാട്ടിൽമീത്തൽ |
| പൊതുഭരണവും ധനകാര്യവും | സെക്രട്ടറി | ഹംസ വായേരി | വി.കെ.ബാലൻ മാസ്റ്റർ |
| ആരോഗ്യം | മെഡിക്കൽ ഓഫീസർ | ടി.വി.സഫീറ | സൂപ്പി സി.കെ. |
| കുടിവെള്ളം ശുചിത്വം | അസി.എഞ്ചിനിയർ | ജസ്മിന ചങ്ങരോത്ത് | ഗംഗാധരൻ കൊടക്കാട്ട് |
| വിദ്യാഭ്യാസം സംസ്കാരം കലാകായികം യുവജനക്ഷേമം | ഹെഡ്മാസ്റ്റർ | ഡി.പ്രജീഷ് | അജീഷ് എ.എസ്. |
| ജന്ററും വികസനവും കുട്ടികളുടെ വികസനവും | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | നബീല കെ.സി. | ശ്രീജ തറവട്ടത്ത് |
| ദാരിദ്ര്യ ലഘൂകരണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | പി.പി.രാജൻ | കൂമുള്ളി ഇബ്രാഹിം |
| സാമൂഹ്യനീതി | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | രതീഷ് അനന്തോത്ത് | സി.സി. കുഞ്ഞിരാമൻ ഗുരുക്കൾ |
| പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | സി.വി.രവീന്ദ്രൻ | പാലൂന്നി മൊയ്തു |
| ജൈവ വൈവിദ്ധ്യം കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതി, ദുരന്ത നിവാരണം | സിക്രട്ടറി | പി.സി.ഹാജറ | മുനീർ ആര്യന്നൂർ |

# 2021-2025 ഗ്രാമസഭകളും അംഗങ്ങളും

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ | ക്വാറം |
|---|---|---|---|---|
| 01. വള്ള്യാട് | 805 | 891 | 1696 | 170 |
| 02. വള്ള്യാട് ഈസ്റ്റ് | 938 | 1038 | 1976 | 198 |
| 03. പൈങ്ങോട്ടായി | 874 | 981 | 1855 | 186 |
| 04. കണ്ണമ്പത്ത്കര | 724 | 842 | 1566 | 157 |
| 05. തിരുവള്ളൂർ സെന്റർ | 705 | 849 | 1554 | 156 |
| 06. തിരുവള്ളൂർ നോർത്ത് | 857 | 952 | 1802 | 181 |
| 07. തണ്ടോട്ടി | 681 | 757 | 1438 | 144 |
| 08. കാഞ്ഞിരാട്ടുതറ | 642 | 764 | 1406 | 141 |
| 09. നിടുംബ്രമണ്ണ | 640 | 754 | 1394 | 140 |
| 10. ചാനിയംകടവ് | 703 | 791 | 1494 | 150 |
| 11. വെള്ളൂക്കര | 675 | 747 | 1422 | 143 |
| 12. തിരുവള്ളൂർ സൗത്ത് | 691 | 735 | 1426 | 143 |
| 13. കന്നിനട | 700 | 829 | 1529 | 153 |
| 14. തോടന്നൂർ നോർത്ത് | 790 | 888 | 1678 | 168 |
| 15. തോടന്നൂർ ടൗൺ | 735 | 844 | 1579 | 158 |
| 16. ആര്യന്നൂർ | 601 | 700 | 1301 | 131 |
| 17. ചെമ്മരത്തൂർ വെസ്റ്റ് | 717 | 824 | 1541 | 155 |
| 18. ചെമ്മരത്തൂർ സൗത്ത് | 654 | 712 | 1366 | 137 |
| 19. ചെമ്മരത്തൂർ നോർത്ത് | 749 | 821 | 1570 | 157 |
| 20. കോട്ടപ്പള്ളി നോർത്ത് | 820 | 944 | 1764 | 177 |

# ഭൂപ്രകൃതിയും
# പാരിസ്ഥിതിക സവിശേഷതകളും

കോഴിക്കോട് ജില്ലയിലെ ഏറെ വിസ്തൃതിയുള്ള പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടേത്. തിരുവള്ളൂർ, കോട്ടപ്പള്ളി വില്ലേജുകളിലായി കുന്നുകളും, വയലുകളും, മലകളും, നീർച്ചാലുകളുൾപ്പെടെ ഏതാ് എല്ലാ ഭൂമിശാസ്ത്ര സവിശേഷതകളും നമ്മുടെ നാടിനു്. വള്ള്യാട് മുതൽ വെള്ളൂക്കര വരെ തെക്കുവടക്കായും മീമ്പാലം മുതൽ ഉപ്പിലാറകുന്നുവരെ കിഴക്ക് പടിഞ്ഞാറായും അതിരിട്ടു കിടക്കുന്ന തിരുവള്ളൂർ ഗ്രാമം ഇന്ന് അനുഭവിക്കുന്ന പ്രധാന വെല്ലുവിളി അനുദിനം കുറയുന്ന കൃഷിയും വർദ്ധിച്ചുവരുന്ന കുടിവെള്ള ക്ഷാമവും പരിസ്ഥിതി മലിനീകരണവുമാണ്. വയൽ നികത്തുന്നതും, തരിശിടുന്നതും കർശനമായി തടഞ്ഞും, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി കിണർറീചാർജ്ജ് വ്യാപകമായി നടപ്പാക്കിയും ഹരിതകർമ്മസേന പ്രവർത്തനം കാര്യക്ഷമമാക്കിയും നമുക്കീ വെല്ലുവിളികളെ മറികടക്കണം. വരുമാനദായകവും പ്രകൃതി സൗഹൃദപരവുമായ ജൈവീകാവസ്ഥയിലേക്ക് നമ്മുടെ നാടിനെ തിരികെയെത്തിക്കാൻ ഏറെ ഗൗരവത്തോടെ ഇടപെടേതു്.

# വികസന സ്ഥിതി അവസ്ഥ

തിരുവള്ളൂർ, കോട്ടപ്പള്ളി എന്നീ ര് വില്ലേജുകൾ ഉൾപ്പെടുന്ന തിരുവള്ളൂർ പഞ്ചായത്തിന്റേത് ഏറെക്കുറേ പൂർണ്ണമായും കാർഷിക ഭൂപ്രകൃതി യാണ്. നെല്ല് വിളയുന്ന വയലുകളും, നാളീകേരം, അടക്ക കൃഷികൾക്കും കിഴങ്ങ്, ഇടവിള കൃഷികൾക്കും അനുയോജ്യമായ സമതലങ്ങളും കുന്നിൻ പ്രദേശങ്ങളും ശുദ്ധജല മത്സ്യകൃഷി സാധ്യമാകുന്ന പുഴ, കനാൽ, തോട്, കുളം തുടങ്ങി ഭൂമിശാസ്ത്രപരമായ ഏതാല്ലൊ സവിശേഷതകളും തിരുവള്ളൂരിൽ സമം ചേരുന്നു്. പക്ഷേ ഈ അവസരങ്ങളെ പൂർണ്ണമായും ഇതുവരെ പ്രയോ ജനപ്പെടുത്താൻ നമുക്ക് കഴിഞ്ഞില്ല. കൃഷിഭൂമി തരിശിടുന്നതും വയലുകൾ നികത്തുന്നതും ജലസ്രോതസ്സുകൾ മലിനമാകുന്നതും ഉൾപ്പെടെയുള്ള പാരിസ്ഥി തിക ആഘാത പ്രവർത്തനങ്ങൾ കർശനമായി തടയേ തായിട്ടു്. മഴവെള്ളം പൂർണ്ണമായും ഭൂമിയിലേക്ക് ഇറക്കിവിട്ടും ലാഭകരമായ രീതിയിൽ ജൈവകൃഷി വ്യാപകമാക്കിയും പാഴ്വസ്തുക്കൾ കത്തിക്കുന്നതും, അലക്ഷ്യമായി ഉപേക്ഷി ക്കുന്നതും വിലക്കിയും നിലവിൽ പൊതുവേ നല്ല നിലയിൽ പ്രവർത്തികുന്ന ഹരിതകർമ്മസേന സേവനം കൂടുതൽ മെച്ചപ്പെടുത്തിയും നമുക്ക് നമ്മുടെ നാടിനെ കാക്കേ ാതായിട്ടു്.

തിരുവള്ളൂരിന്റെ സാമ്പത്തിക സന്തുലിതാവസ്ഥയ്ക്ക് പ്രധാന പിന്തുണ പ്രവാസികളാണ്. ലോകസാമ്പത്തിക മാന്ദ്യവും ആരോഗ്യരംഗത്തെ പ്രതികൂലാ വസ്ഥയും വിദേശരാജ്യത്ത് തൊഴിൽ നേടിയ നൂറുകണക്കിനാളുകളുടെ ജോലി സാധ്യതയ്ക്ക് ഉയർത്തുന്ന വെല്ലുവിളി ആശങ്കാജനകമാണ്. വിദേശത്ത് നിന്ന് തിരിച്ചത്തുവാൻ നിർബന്ധിതരാകുന്ന പ്രവാസികൾക്ക് നാട്ടിൽ സുരക്ഷിതമായൊരു ജീവിതാവസ്ഥ കൂടി നമ്മൾ ഒരുക്കേ തു്.

## ജനസംഖ്യ

18,872 സ്ത്രീകളും 16,739 പുരുഷന്മാരും കൂടി ആകെ 35,611 ജനസംഖ്യയാണ് നമ്മുടെ പഞ്ചായത്തിൽ അവസാന സെൻസസ് പ്രകാരം കണക്കാക്കപ്പെട്ടിട്ടുള്ളത്. ജനസംഖ്യയിൽ സ്ത്രീകൾ കൂടുതൽ ഉണ്ടെങ്കിലും അവരുടെ ജീവിത വരുമാന സാഹചര്യം ഇനിയുമേറെ മെച്ചപ്പെടേണ്ടതായിട്ടുണ്ട്. 3 ഹരിജൻ കോളനികൾ ഉള്ള തിരുവള്ളൂർ പഞ്ചായത്തിൽ പട്ടികജാതി ജനസംഖ്യ 693 സ്ത്രീകളും 621 പുരുഷന്മാരും കൂടി 1314 ആണ്.

# സാമൂഹ്യ - സാംസ്കാരിക ചരിത്രം

ഈ നാടിനെങ്ങനെ തിരുവള്ളൂർ എന്ന പേര് വന്നെന്ന് വസ്തുതാപരമായ സാധൂകരണം സാധ്യമല്ലെങ്കിലും നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ജനങ്ങൾ സമൂഹ മായി ജീവിച്ച പ്രദേശങ്ങളായിരുന്നു തിരുവള്ളൂരും പരിസരവും എന്ന് ഊഹിക്കാ വുന്നതാണ്. തോടന്നൂർ, ചെമ്മരത്തൂർ, ആര്യന്നൂർ, ചെറുവണ്ണൂർ എന്നിങ്ങനെ കൂട്ടം എന്ന് അർത്ഥം വരുന്ന 'ഊരു'കളിൽ അവസാനിക്കുന്ന പേരുള്ള സ്ഥലങ്ങൾ ഈ നാടിന് സമീപത്തായിട്ടുന്നെത് മേൽസൂചിപ്പിച്ച ഊഹത്തിന് ബലമേകുന്നതാണ്.

പഴയകാലത്തെപ്പോഴോ പുനം കൃഷിചെയ്യാൻ വളക്കൂറുള്ള മണ്ണുതേടി വയനാടൻ മലയിറങ്ങി വന്ന ഗൗഡ സമൂഹമാണ് ഈ നാട്ടിലെ ആദിമ നിവാസിക ളെന്നും അവർ ആദ്യമായി സംഗമിച്ച സ്ഥലം ഗൗഡന്മാരുടെ ഊരായും പിന്നീടത് ലോപിച്ച് തോടന്നൂരെന്നുമായി മാറിയെന്നും, തോടന്നൂരിൽ നിന്നുകൊ് അധികാര പരിധി വ്യാപിപ്പിച്ച ഗൗഡ സമൂഹം വലിയ വയലും വെള്ളക്കെട്ടും താി ഗൗഡപ്രമുഖൻ തിരുവള്ളുവന്റെ നേതൃത്വത്തിൽ ഈ നാട്ടിൽ എത്തിയെന്നും ഈ വരവിനായി ഗൗഡൻമാർ നിർമ്മിച്ച നടവഴിയാണ് കാലക്രമത്തിൽ കവുന്തൻനട യായി അറിയപ്പെട്ടതെന്നും അവരുടെ വരവോടുകൂടിയാണ് തിരുവള്ളുവന്റെ ഊരായി 'തിരുവള്ളൂർ' മാറിയതെന്നും സ്ഥലനാമ ചരിത്രത്തിൽ നിന്ന് മനസ്സിലാക്കാവുന്ന താണ്

ആയോധനകലയിൽ എല്ലാം തികഞ്ഞവനും വടക്കൻ പാട്ടിലെ വീരനായക നുമായ തച്ചോളി ഒതേനനോട് മുറിവാളും പരിചയുമായി ഏറ്റുമുട്ടി വിജയിച്ച വെള്ളൻ എന്നുപേരായ കീഴാളപോരാളി പടവെട്ടി ജയിച്ച നാടിനെ ബഹുമാനാർത്ഥം 'തിരു' എന്ന് (തിരുമേനി, തിരുവാഭരണം, തിരുമുൽകാഴ്ച etc.) മുന്നിൽ ചേർത്ത് തിരുവെ ള്ളന്റെ നാടെന്ന് അറിയപ്പെടാനായി തിരുവള്ളൂർ എന്നു വിളിച്ചു തുടങ്ങിയെന്നും വെള്ളൻ അമാനുഷികമായ ആയോധനമികവിനുടമായായതിനാൽ 'തേവർ' വെള്ളൻ എന്ന് അറിയപ്പെട്ടെന്നുമുള്ള മറ്റൊരു കഥയും ഈ നാടിന്റെ പേര് വന്ന വഴിയിൽ പറയപ്പെടുന്നു്.

ഈ നാടിന്റെ ഇന്നിലേക്കുള്ള യാത്ര കീഴാള വിഭാഗത്തിന്റെ അധ്വാനത്തി ന്റെയും വിയർപ്പിന്റെയും യാതനയുടെയും ബലത്തിലായിരുന്നു. തേവർമഠം, ചിറ്റയിൽ, വണ്ണത്താൻകി, കൊളത്തായി ഉൾപ്പെടെ ഒട്ടനവധി നാടുവാഴി തറവാ ടുകളും, കോവിലങ്ങളും, ഇല്ലങ്ങളും ഈ ദേശത്ത് ഉായിരുന്നു. പഞ്ചായത്തിലെ ആദ്യ ഹിന്ദുക്ഷേത്രം തിരുവള്ളൂർ മഹാശിവക്ഷേത്രവും, മുസ്ലീംപള്ളി കണ്ണമ്പത്തു കര പള്ളിയുമാണെന്ന് കരുതപ്പെടുന്നു. നമ്മുടെ തനത് സാംസ്കാരിക ചിത്രം വരച്ചുകാട്ടുന്ന വടക്കൻപ്പാട്ടിൽ വീരപരിവേഷമുള്ള കപ്പള്ളി പാലാട്ട് കോമൻ ജനിച്ചത് ചെമ്മരത്തൂരിലാണ് എന്ന് വിശ്വസിക്കപ്പെടുന്നു. ഈ ഓർമ്മകൾ പേറുന്ന താണ് കപ്പള്ളി ക്ഷേത്രവും പാലാട്ട് വീടും.

ഐതിഹാസികമായ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ഒട്ടേറെ ധീര ദേശാഭിമാനികൾ ഈ നാട്ടിലുായിരുന്നു. കള്ളുഷാപ്പ് പിക്കറ്റിംഗ്, സബ്രജിസ്ട്രാർ ഓഫീസ് പിക്കറ്റിംഗ്, വിദേശ വസ്ത്ര ബഹിഷ്കരണം, ഉപ്പ് കുറുക്കൽ, അയിത്തോ ച്ചാടനം തുടങ്ങിയ പ്രക്ഷോഭങ്ങൾ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി ഇവിടെ നടന്നിട്ടു്. മലബാറിലെ പ്രമുഖ സ്വാതന്ത്ര്യസമര നേതാക്കളായിരുന്ന കെ.കേളപ്പൻ, സികെ.ഗോവിന്ദൻനായർ, വി.കെ.കൃഷ്ണമേനോൻ, കേളുവേട്ടൻ, പി.ആർ.നമ്പ്യാർ, പി.പി.ശങ്കരൻ, കെ.ബി.മേനോൻ, കോൺഗ്രസ്സ് രാമക്കുറുപ്പ് തുടങ്ങിയവർ ഇക്കാലത്ത് തിരുവള്ളൂരുമായി നിരന്തരം ബന്ധം പുലർത്തിയതായി അറിവ്. നിയമലംഘന സമരത്തെ സായുധമായി നേരിടാൻ വെള്ള പട്ടാളത്തിന്റെ ക്യാമ്പ് ഓഫീസ് അക്കാലത്ത് ഇവിടെ ഉായിരുന്നു. താഴ്ന്ന ജാതിക്കാർക്ക് ക്ഷേത്ര ങ്ങളിൽ പ്രവേശനം നൽകിയും, പന്തിഭോജനം സംഘടിപ്പിച്ചും എ.രാമക്കുറുപ്പ്, സി.എച്ച്.കുഞ്ഞിരാമക്കുറുപ്പ്, ചാപ്പൊയിൽ കണ്ണക്കുറുപ്പ്, പാലാട്ട് കൃഷ്ണക്കുറുപ്പ് തുടങ്ങിയവരുൾപ്പെടെയുള്ളവർ സ്വാതന്ത്ര്യ പ്രക്ഷോഭത്തിന് കരുത്തേകിയിരുന്നു. ബ്രിട്ടീഷ് ഭരണവിരുദ്ധ പ്രക്ഷോഭത്തിന്റെ ഭാഗമായി സ്കൂൾ പിക്കറ്റിംഗ് നടത്തിയ പി.കെ.കൃഷ്ണൻ, കെ.നാരായണമാരാർ എന്നിവരെ അറസ്റ്റ് ചെയ്ത് തടങ്കലിലാക്കി യത് ഏറെ കോളിളക്കം സൃഷ്ടിച്ചിരുന്നു. കോഴിക്കോട് ഹജൂർ കച്ചേരി ഹാളിലെ ബ്രിട്ടീഷ് പതാക പറിച്ചുമാറ്റിയ വാകയാട് നാരായണൻനമ്പ്യാർ, ശനിയൻസഭാ പ്രക്ഷോഭത്തിന് നേതൃത്വം കൊടുത്ത സി.എച്ച്. കുഞ്ഞിരാമക്കുറുപ്പ്, കോമട്ട് കൃഷ്ണ ക്കുറുപ്പ്, ചാലിൽ അന്ത്രുഹാജി തുടങ്ങിയവർ നമ്മുടെ നാട്ടുകാരായിരുന്നു. 1947 ആഗസ്ത് 15 വെള്ളിയാഴ്ച കന്നിനട കോട്ടയുള്ളപറമ്പ് പള്ളിയിൽ നിന്ന് ജുമാ നിസ്കാരശേഷമായിരുന്നു ആദ്യ സ്വാതന്ത്ര്യദിനറാലി തിരുവള്ളൂരിലേക്ക് നീങ്ങിയത്. കോമട്ട് കുഞ്ഞിരാമക്കുറുപ്പ്, ചെമ്പ്രേരി നാരായണക്കുറുപ്പ്, കൊള്ളാട്ട് കുഞ്ഞിരാമ ക്കുറുപ്പ്, സി.കെ.കുഞ്ഞബ്ദുള്ള, ചില്ലക്കുന്നുമ്മൽ പൊക്കൻ, പുതുക്കുടി കൊറുമ്പൻ, പിലാവുള്ളതിൽ അമ്മത്, വേലിപ്പറമ്പത്ത് മൊയ്തീൻ, കരുവാകുന്നത്ത് മൊയ്തീൻ, എടക്കുടി കണാരൻ തുടങ്ങിയവരൊക്കെയാണ് റാലിയുടെ സംഘാട കരായ് പ്രവർത്തിച്ചത്. അഭിഭാഷക പ്രതിഭയായിരുന്ന അഡ്വ: എം.രത്നസിംഗിന്റെ പിതാവ് എം.ഐ.അച്ചുതനായിരുന്നത്രെ ആ റാലി നിയന്ത്രിച്ചത്.

കാവുംതാഴക്കുനി ചാത്തു, എടക്കുടി രാഘവൻ, പുളിയറത്ത്കി അബ്ദുള്ള തുടങ്ങിയവർ ഉൾപ്പെട്ട വോളിബോൾ ടീമും, ചാലിൽ മമ്മു ഉൾപ്പെടെ യുള്ളവരുടെ കോൽക്കളി സംഘങ്ങളും, കെ.കുഞ്ഞപ്പക്കുറുപ്പ്, എൻ.കെ. ബാലൻ വൈദ്യർ, നൊച്ചോടി ബാലക്കുറുപ്പുമൊക്കെ പങ്കാളികളായ നാടക കൂട്ടവും, കലാ -കായിക കൂടിച്ചേരലുകൾക്ക് കളമൊരുക്കി. തേക്കിൽ നാരായണൻ നായരുടെ നേതൃത്വത്തിൽ ചക്കാലേരി കേളുനായർ ആരംഭിച്ച കളരി പ്രധാന ആയോധന കലാകേന്ദ്രമായിരുന്നു.

1966-67 കാലത്ത് കൂമുള്ളി അമ്മത്ഹാജി, കിഴക്കയിൽ മൊയ്തീൻ മാസ്റ്റർ, ക്യാമ്പുറത്ത് കുഞ്ഞബ്ദുള്ള തുടങ്ങിയവർ പറമ്പാധാരം വെച്ച് കരാറാക്കി യാണത്രെ തിരുവള്ളൂരിലേക്ക് വൈദ്യുതി എത്താൻ വഴിയൊരിക്കിയത്. അന്നൊക്കെ കന്നിനടയിൽ നിന്ന് വലിയ ചങ്ങാടത്തിൽ കയറ്റിയാണ് വാഹനങ്ങൾ തിരുവള്ളൂ രിൽ എത്തിയത്. മുൻമന്ത്രി ടി.എ.മജീദ്, മുൻമുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട്,

മുസ്ലീംലീഗ് നേതാവ് ബാഫഖി തങ്ങൾ തുടങ്ങിയ നേതാക്കൾ ആദ്യകാലത്ത് നമ്മുടെ നാട്ടിൽ എത്തിയത് ഈ മാർഗ്ഗമായിരുന്നു. 1964ൽ അച്ചുതൻവൈദ്യർ നമ്മുടെ പഞ്ചായത്തിന്റെ പ്രസിഡായി തെരഞ്ഞെടുക്കപ്പെട്ട അന്നുതന്നെയാണ് തിരുവള്ളൂരിൽ സർക്കാർ ആശുപത്രി അനുവദിച്ചുകൊുള്ള അറിയിപ്പും ലഭിച്ചത്. ആശുപത്രി തുടങ്ങാനാവശ്യമായ പ്രാഥമിക സൗകര്യം ഒരുക്കിയത് പാറക്കൽ സൂപ്പി ആയിരുന്നു. 1895ൽ സ്ഥാപിതമായ തിരുവള്ളൂർ ഗവ: യു.പി.സ്കൂൾ, 1942 ൽ സ്ഥാപിച്ച റജിസ്ട്രോഫീസ്, 1958ൽ സ്ഥാപിച്ച തിരുവള്ളൂർ ശാന്തിനികേതൻ ഹൈസ്കൂൾ 1960 ൽ പണിത കന്നിനട പാലം, 1962ൽ തോടന്നൂരിൽ പ്രവർത്തനം തുടങ്ങിയ എൻ.ഇ.എസ്. ബ്ലോക്ക് തുടങ്ങിയവ നമ്മുടെ വികസന പാതയിലെ നാഴികകല്ലുകളാണ്.

മദ്രാസ് നിയമസഭയിലെ ഉപരിസഭാംഗമായിരുന്ന തോടന്നൂർ പുതിയെടുത്ത് വി.പി.നാരായണൻ നമ്പ്യാരുടെ കുതിരവി വരാനായിരുന്നത്രെ മുമ്പ് കാലത്ത് എം.എൽ.സി. എന്നറിയപ്പെട്ട ഇന്നത്തെ വടകര-തോടന്നൂർ റോഡ് നിർമ്മിക്കപ്പെട്ടത്. തോടന്നൂർ കൊയിലോത്ത് ശ്രീ. വി.കെ. കൃഷ്ണൻനമ്പ്യാർ ആയിരുന്നു ആദ്യ ജില്ലാ ബോർഡ് അംഗം, വള്ള്യാടുള്ള വണ്ണത്താംകി തറവാട്ടിൽ ചെമ്പൈ വൈദ്യനാഥ ഭാഗവതർ സംഗീതാരാധനക്കായ് എത്തിയിരുന്നു. കേരള ഹൈക്കോടതി മുൻചീഫ് ജസ്റ്റിസ് വി.പി. ഗോപാലൻ നമ്പ്യാരും, പ്രമുഖശാസ്ത്ര പ്രതിഭ വി.പി. നാരായണൻ നമ്പ്യാരും (ജൂനിയർ) നമ്മുടെ പഞ്ചായത്തുകാരായിരുന്നു.

1962 ലെ വില്ലേജ് ഏകീകരണ ശേഷമാണ് വില്ല്യാപ്പള്ളിയുടെ ഭാഗമായിരുന്ന കോട്ടപ്പള്ളി വില്ലേജിനെ തിരുവള്ളൂർ വില്ലേജുമായി ചേർത്ത് തിരുവള്ളൂർ പഞ്ചായത്ത് ബോർഡ് രൂപം കൊത്. അതിനുശേഷം നാളിതുവരെയുള്ള യാത്രയിൽ സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് നിലവിലെ വിഭവ സാധ്യതകൾ ഉപയോഗിക്കുന്നതിലും, പുതിയ സാധ്യതകൾ കത്തെുന്നതിലും നമുക്ക് വേഗത കൈവരിക്കാൻ സാധിച്ചിട്ടില്ല. തിരുവള്ളൂരിന്റെ സ്വപ്നങ്ങളും, ആഗ്രഹങ്ങളും സഫലീകരിക്കാൻ എല്ലാ വേർതിരിവുകൾക്കുമപ്പുറമുള്ള കൂട്ടായ്മ അനിവാര്യമാണ്. ഗ്രാമീണ ജീവിതത്തിന്റെ ഹൃദയതാളമറിഞ്ഞും അനുഭവിച്ചും നല്ലനാളുകൾ നമ്മുടെ നാടിനായ് ഒരുക്കാൻ നമുക്കൊരുമിച്ച് നീങ്ങാം.

□

# നടപ്പ് വാർഷിക പദ്ധതി അവലോകനം

2024-25 വാർഷിക പദ്ധതി നടത്തിപ്പ് മേൽനോട്ട നിർവ്വഹണ സൂക്ഷ്മതകൊ് മുൻവർഷങ്ങളെ പോലെ കാര്യക്ഷമമായി നടത്താൻ കഴിഞ്ഞിട്ടു്. നാടിനേയും നാട്ടുകാരേയും സംബന്ധിച്ചെടുത്തോളം വികസന ആവശ്യങ്ങൾ ഏറെയാണെങ്കിലും അത് പ്രായോഗികവൽക്കരിക്കാനുള്ള സാമ്പത്തികാവസ്ഥ വർഷംതോറും കുറഞ്ഞുവരികയാണ്. പരിമിതികളുടെ നിയന്ത്രണം കടന്ന് ആവശ്യങ്ങളുടെ നിർവ്വഹണത്തിലേക്ക് സഞ്ചരിക്കാൻ അനുഭവിക്കുന്ന ബുദ്ധിമുട്ട് ഏറെയു്. പശ്ചാത്തല സൗകര്യവികസനം ശ്രീ മൻമോഹൻ സിംഗ് പ്രധാനമന്ത്രി ആയിരിക്കെ നടപ്പാക്കിയ മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ 40 % മെറ്റീരിയൽ ഫ് ഉപയോഗിച്ച് നിർവ്വഹിക്കാമെന്നു കരുതിയെങ്കിലും ഫ് 10% ആയി ചുരുക്കിയതും ബജറ്റ് വിഹിതം കുറഞ്ഞതും വലിയ പ്രതിസന്ധിയാണ് ഉാക്കുന്നത്. എങ്കിൽ പോലും അവസരങ്ങൾ മുഴുവൻ പ്രയോജനപ്പെടുത്താനുള്ള കൃത്യമായ ഇടപെടലുകൾ നടന്നുവരുന്നു്.

കാർഷിക മേഖലയിലെ പുരോഗതിക്ക് പ്രാധാന്യം നൽകിയുള്ള നമ്മുടെ വികസന കാഴ്ചപ്പാട് നല്ല മാറ്റമാണ് ഉാക്കിയത്. നെല്ല്, തെങ്ങ്, മഞ്ഞൾ, പച്ചക്കറി തുടങ്ങിയ കൃഷികൾ പ്രോത്സാഹിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിഞ്ഞിട്ടു്. ചെറുധാന്യ കൃഷി ഉദ്ദേശിച്ചത്ര ഫലംകാേ എന്ന് പരിശോധിക്കപ്പെടേതാണ്. മാങ്ങാംമൂഴി റഗുലേറ്റർ കംബ്രിഡ്ജ് യാഥാർത്ഥ്യമായാൽ മാത്രമെ ഉപ്പുവെള്ള ഭീഷണി മറികടന്ന് വയലുകളിൽ നെൽകൃഷി വ്യാപകമാക്കാൻ കഴിയുകയുള്ളു. കാർഷിക വിളകൾക്ക് രോഗ പകർച്ച വലിയ തോതിൽ ഉാകാതിരുന്നത് കർഷകർക്ക് ആശ്വാസമായെങ്കിലും മുള്ളൻ പന്നികളും കാട്ടുപന്നികളും വ്യാപകമായി കൃഷിനാശം വരുത്തുന്നു്.

മൺറോഡ് നവീകരണത്തിനായുള്ള ആവശ്യം ഫിന്റെ അപര്യാപ്തതകൊ് വളരെ പരിമിതമായെ പരിഗണിക്കാൻ കഴിഞ്ഞിട്ടുള്ളു. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ അനുഭവപ്പെടുന്ന യാത്രാ പ്രശ്നങ്ങൾക്ക് പൊതു പരിഹാരം തേടുന്നതാണ് ഉചിതം. ചിലയിടങ്ങളിൽ റോഡ് നവീകരണം ഗുണഭോക്താക്കൾ തന്നെ നിർവ്വഹിക്കുന്നത് ആശ്വാസകരമാണ്. പ്രധാന കുടിവെള്ള പദ്ധതികളൊക്കെ പൂർണ്ണത കൈവരിക്കുകയാണ്. പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ട അംഗനവാടികളുടെ അറ്റകുറ്റപണികൾ പൂർത്തിയായി വരികയാണ്. തെരുവ് വിളക്ക് പരിപാലനം നിശ്ചിത സമയക്രമത്തിൽ നടത്തിയിട്ടുങ്കെിലും കൂടുതൽ ശ്രദ്ധ ചെലുത്തി കാര്യക്ഷമത വർദ്ധിപ്പിക്കേതു്.

വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ ശുചിത്വ പരിപാലനത്തിലും ഈ സാമ്പത്തിക വർഷത്തിൽ മികവു പുലർത്താനായി. വിദ്യാഭ്യാസരംഗത്ത് പഞ്ചായത്തിന്റെ തനത് വിദ്യാഭ്യാസ പദ്ധതിയായ വിജയപാഠത്തിന്റെ ഭാഗമായി സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ് നടന്നത്. പഠനരംഗത്തെ മികച്ച വിജയികളെ അനുമോദിക്കൽ, ഒന്നാന്തരംവര, അക്ഷരാദരം, മെഡിക്കൽ ഫസ്റ്റ് എയ്ഡ് വിതരണം, സ്പോർട്സ് കിറ്റ് വിതരണം, ഇഞ്ചിമിഠായി സഹവാസ ക്യാമ്പ്, ഇംഗ്ലീഷ് പഠന പ്രോത്സാഹന പദ്ധതി, USS / LSS പരിശീലനം, സ്കൂൾ കലാ -കായികമേളകൾ, വിവിധ ദിനാചരണങ്ങൾ, കേരളോത്സവം ഉൾപ്പെടെ ശ്രദ്ധേയമായ രീതിയിൽ സംഘടിപ്പിക്കാൻ സാധിച്ചിട്ടു്. ഹർഷം ഭിന്നശേഷി കലോത്സവം, സുകൃതം വയോജനോത്സവം, ആവോദാമാനോ അങ്കണവാടി കലോത്സവം, തുടങ്ങിയവ നടത്താൻ കഴിഞ്ഞിട്ടു്. കോവിഡാനന്തരം ജനങ്ങളുടെ രോഗപ്രതിരോധ ശേഷി കുറഞ്ഞതായി സംശയിക്കാവുന്ന രീതിയിലാണ് ചെറുതും വലുതുമായ രോഗ പകർച്ച ഉാവുന്നത്. ഈ ഗൗരവാവസ്ഥ ഉൾക്കൊുതന്നെ വളരെ കരുതലോടെയുള്ള സമീപനം ആരോഗ്യ വിഭാഗം തുടരുന്നു്. ഹരിതസേന വഴിയുള്ള പാഴ് വസ്തു നീക്കം ചെയ്യലും പദ്ധതി നിർദ്ദേശാനുസരണം തുടരുകയാണ്. ഹരിത കർമ്മസേനയ്ക്ക് വാഹനം, ശുചിത്വ ബോധത്തിൽ ജനങ്ങൾ കാര്യഗൗരവത്തിലേക്ക് എത്തിയിട്ടില്ല എന്നതിനാൽ കൂടുതൽ ഇടപെടൽ നടത്തേതു്. തിരുവള്ളൂരിന്റെ അനുഗ്രഹീതമായ ജൈവ സന്തുലിതാവസ്ഥ നിലനിർത്തേത് അത്യാവശ്യമാണ്. അതിനായ് സംസ്ഥാന ജൈവവൈവിധ്യ ബോർഡുമായ് ചേർന്ന് വിവിധങ്ങളായ പദ്ധതികൾ നടന്നു വരുന്നു്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ തൃപ്തികരമായ രീതിയിലുള്ള വികസന പ്രവർത്തനം നടത്താൻ കഴിയുന്ന സുശക്തമായ സാമ്പത്തീകാവസ്ഥയല്ല നിലവിലുള്ളത്. ലഭ്യമാകുന്ന പരിമിത ഫുകൾ ഉപയോഗപ്പെടുത്തി ജനങ്ങളുടെ വർദ്ധിതമായ ആവശ്യങ്ങൾ എങ്ങനെ നിറവേറ്റാൻ കഴിയുമെന്ന ചോദ്യമാണ് നിലനിൽക്കുന്നത്. എങ്കിലും ഉപയോഗപ്പെടുത്താൻ കഴിയുന്ന എല്ലാ വഴികളിലൂടെയും ജനാഭിലാഷ പൂർത്തീകരണത്തിനായുള്ള യാത്ര തുടരാനാണ് ഭരണ സമിതി ആഗ്രഹിക്കുന്നത്.

□

അദ്ധ്യായം - 5

# വിഭവ സ്രോതസ്സുകളും വിലയിരുത്തലുകളും

വ്യത്യസ്ത സംവിധാനങ്ങൾ മുഖേന ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗപ്പെടുത്തിയാണ് പദ്ധതികൾ രൂപീകരിച്ച് നിർവ്വഹണം നടത്തിവരുന്നത്. വികസന ഫ്, മെയിന്റനൻസ് ഫ്, ധനകാര്യ കമ്മീഷൻ ഫ്, ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്ത് ഫ്, എം.പി. എം.എൽ.എ. ഫ് എന്നിവ ഇതിനായി ഉപയോഗപ്പെടുത്തുന്നു. തൊഴിലുറപ്പ് മേഖല, സന്നദ്ധ സംഘടനകൾ എന്നിവയുടെ സേവനം വികസന പ്രവർത്തനങ്ങളുടെ വിഭവ സ്രോതസ്സുകളിൽ ഉപയോഗപ്പെടുത്താൻ കഴിയണം. വിവിധ കമ്പനികളുടെ സി.എസ്.ആർ. ഫ് ലഭ്യമാക്കാൻ സാധിച്ചാൽ സേവന മേഖലയിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കാൻ കഴിയും എന്നതിനാൽ ഇതിനായി കൂട്ടായ് പരിശ്രമം നടത്തേ തു്.

അദ്ധ്യായം - 6

# പ്രത്യേക പദ്ധതികൾ

1. ഹോളോഗ്രാം-തീം പാർക്ക്
2. ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം
3. വോളീബോൾ അക്കാദമി, വോളീബോൾ കോർട്ട്
4. പൂക്കോട് ശ്മശാന നവീകരണം
5. ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം
6. ഹരിതകർമ്മസേന അംഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ
7. ഭിന്നശേഷിക്കാർക്ക് സമഗ്ര ആരോഗ്യ പദ്ധതി
8. വയോജനങ്ങൾക്ക് ഉല്ലാസയാത്ര
9. ഭിന്നശേഷിക്കാർക്ക് ഉപജീവന മാർഗ്ഗം
10. വിജയപാഠം - നാട്യനടന പരിശീലനം
11. എം.സി.എഫ്. നിർമ്മാണം
12. തുരുത്തി ഗ്രീനറി ഓഫ് തിരുവള്ളൂർ തുടർച്ച
13. വർക്ക് നിയർ ഹോം
14. ബഡ്സ് സ്കൂൾ കെട്ടിടം
15. ആയുർവ്വേദ ആശുപത്രി - പഞ്ചകർമ്മ കേന്ദ്രം

# വികസന കാഴ്ചപ്പാട് ലക്ഷ്യം-തന്ത്രം

അനുദിനം മാറിക്കൊിരിക്കുന്ന ലോകക്രമത്തിനൊപ്പം ഗ്രാമജീവിതങ്ങളും സഞ്ചരിച്ചുകൊിരിക്കുയാണ്. വർദ്ധിച്ചുകൊിരിക്കുന്ന ആവശ്യങ്ങളിലേക്ക് എത്തിച്ചേരുവാൻ സാധ്യതകൾ ഉങ്കെിലും അത് രൂപപ്പെടുത്താനാവശ്യമായ സാമ്പത്തിക പിന്തുണ സൃഷ്ടിച്ചെടുക്കാൻ പ്രയാസപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. എങ്കിലും ആവശ്യങ്ങളുടെ അനിവാര്യതക്കനുസരിച്ച് മുൻഗണന നിശ്ചയിച്ച് പ്രകൃതി സൗഹൃദപരമായ രീതിയിൽ നമുക്ക് യാത്ര തുടരാം.

ജനസംഖ്യയിൽ വലിയ വിഭാഗം ജീവിതവരുമാനത്തിന് കൃഷിയെ ആശ്രയിക്കുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിൽ എല്ലാ കാലത്തും കാർഷിക മേഖലക്ക് പ്രാധാന്യം നൽകിയാണ് പദ്ധതി രൂപപ്പെട്ടത്. അതിന്റെ ഗുണപരമായമാറ്റം കാർഷിക മേഖലയിൽ പ്രകടമാകുന്നുമു്. എങ്കിലും കൃഷിയിലെ വൈവിധ്യവൽകരണവും യന്ത്രസാങ്കേതികവിദ്യാ ഉപയോഗവും കാലത്തിനനുസരിച്ച് പ്രായോഗികവൽകരിക്ക പ്പെട്ടിട്ടില്ല. കഴിഞ്ഞ വർഷങ്ങളിൽ നടപ്പാക്കിയ മഞ്ഞൾ വിത്തുവിതരണം നല്ല ചുവടു വെപ്പായിരുന്നു. ഈ വിളവിൽനിന്ന് പ്രാദേശികമായി വിത്തു ശേഖരണം നടത്തേ തു്. ചെറുധാന്യകൃഷിയിൽ ഉദ്ദേശിച്ചത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ചെറുധാന്യങ്ങളുടെ പോഷകഗുണം സംബന്ധിച്ച് കർഷകർക്കുള്ള ധാരണക്കുറ വാകാം ഇതിനു കാരണമായി തീർന്നത്. സമീപകാലത്ത് ഏറെ വരുമാനദായകമായ് മാറിയ പുഷ്പകൃഷിയിലേക്കും കുറ്റികുരുമുളക് കൃഷിയിലേക്കും കൂടുതൽ ശ്രദ്ധ കൊടുക്കേ തു്.

നമ്മുടെ മൃഗ-പക്ഷി പരിപാലന രംഗത്തെ ആവശ്യങ്ങൾ പൂർണ്ണമായി നിർവ്വഹിക്കാൻ ഉതകുന്നരീതിയിൽ സൗകര്യം വർദ്ധിപ്പിക്കാൻ വെറ്റിനറി ഉപകേന്ദ്ര കെട്ടിടം നിർമ്മിക്കാൻ കണ്ണമ്പത്തുകരയിൽ ഭൂമി ലഭ്യമാക്കിക്കഴിഞ്ഞു. കൂടാതെ തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെ കൂടുതൽ തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് എന്നിവ നിർമ്മിക്കുകയും തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുകയും ചെയ്യും.

സമാനതകൾ ഇല്ലാത്ത പ്രവർത്തന ചടുലതയിൽ വിജയപാഠം പദ്ധതി മാതൃകാപരമായ പ്രവർത്തനം തുടരുകയാണ്. ശുചിത്വവും രോഗപ്രതിരോധ പ്രവർത്തനത്തിനും പ്രാധാന്യം നൽകി ആരോഗ്യമേഖലയിൽ നടത്തുന്ന പ്രവർത്തനം തുടരുന്നതാണ്.

എല്ലാവിധ സാധ്യതകളും പ്രയോജനപ്പെടുത്തി പ്രാദേശിക റോഡ്‌വികസനം തുടരേതു്. വാസഗൃഹമില്ലാത്തവരുടെ പട്ടികയിൽ ഉൾപ്പെട്ട അർഹതപ്പെട്ട മുഴുവൻ പേർക്കും വീടു നിർമ്മാണ ധനസഹായത്തിന് (LIFE) പരിഗണിക്കാൻ കഴിഞ്ഞത് നമുക്ക് ഏറെ തൃപ്തികരമാണ്. ഇത്തരം പ്രയാസകരമായ സാമൂഹിക അവസ്ഥയിൽ നിൽക്കുന്നവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തൽ നമ്മുടെ ലക്ഷ്യമാകേതു്. ജൽജീവൻമിഷൻ പദ്ധതി നടത്തിപ്പിലെ കാലതാമസം പരിഹരിക്കപ്പെട്ടുകഴിയുന്നതോടെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടും എന്ന് പ്രതീക്ഷിക്കുന്നു. ഇതിനായുള്ള നിരന്തരശ്രമം തുടരുകയാണ്. സാങ്കേതിക പിന്തുണകൾ പരമാവധി ഉറപ്പാക്കി കടലാസ് മുക്ത ഗ്രാമപഞ്ചായത്ത് കാര്യാലയം ഒരുക്കുകയെന്ന ലക്ഷ്യമാണ് മുന്നിലുള്ളത്. കൂടാതെ ഓഫീസിൽ നിന്നും ദൂരത്തായുള്ള വാർഡുകളിലെല്ലാം ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കേതു്. നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തികാവസ്ഥ നടുനിവർന്ന് നിൽകാൻ നട്ടെല്ലായ പ്രവാസികളുടെ ആവശ്യങ്ങളും പുനരധിവാസത്തിനുള്ള അവസരങ്ങളും ഒരുക്കേതു്.

ഈ രീതിയിലൊക്കെ നമ്മുടെ ഗ്രാമപഞ്ചായത്ത് പുരോഗമിക്കണമെങ്കിൽ നാടിന്റെ പ്രകൃതിസന്തുലിതാവസ്ഥ ഊനം തട്ടാതെ നിലനിൽക്കണം. അതിന് ബലം നൽകുന്ന പ്രവർത്തനമാണ് ജൈവവൈവിധ്യ പരിപാലനസമിതി രൂപപ്പെടുത്തുന്നത്.

ഇങ്ങനെ സമഗ്രവും സുതാര്യവും ജന-പ്രകൃതി സൗഹൃദപരവുമായ വികസന ലക്ഷ്യത്തിലേക്ക് അതിവേഗതയോടും കൃത്യതയോടും കൂടി നമുക്കൊന്നിച്ച് എത്തിച്ചേരാൻ കഴിയുമെന്ന ഉത്തമവിശ്വാസത്തോടെ യാത്ര തുടരാം.

□

# 2025-26 വിഭവ സ്രോതസ്സുകൾ

| | |
|---|---|
| പൊതുവിഭാഗം വികസന ഫണ്ട് ........................................ | 2,55,05,000 |
| പ്രത്യേക ഘടക പദ്ധതി (പട്ടികജാതി) ................................ | 33,20,000 |
| **ആകെ** ................................................................................ | **2,88,25,000** |

**കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്**

| | |
|---|---|
| അടിസ്ഥാന വിഹിതം ........................................................ | 42,97,000 |
| ടൈഡ് ........................................................................................ | 64,45,000 |
| **ആകെ** ................................................................................ | **1,07,42,000** |

**മെയിന്റനൻസ് ഫണ്ട്**

| | |
|---|---|
| റോഡിതരം ........................................................................ | 57,71,000 |
| റോഡ് .......................................................................................... | 2,10,32,000 |
| **ആകെ** ................................................................................ | **2,68,03,000** |
| **ആകെ ഫണ്ട്** ................................................................... | **6,63,70,000** |

**മേഖല വിഭജനത്തിന് ലഭ്യമാകുന്ന തുക**.............................. **2,30,60,000**
(പൊതുവിഭാഗം വികസന ഫണ്ട്, പ്രത്യേക ഘടക പദ്ധതി എന്നിവയിൽ നിന്നും 20% കഴിച്ചുള്ള തുക)

| | |
|---|---|
| ഉൽപ്പാദന മേഖല ............................................................... | 30% (കുറഞ്ഞത്) |
| പശ്ചാത്തല മേഖല ............................................................ | 30% (കൂടിയത്) |

# 2025-26 പദ്ധതി നിർദ്ദേശങ്ങൾ

## ഉല്പാദന മേഖല

- നിറപറ നെൽകൃഷി, വിത്ത്, കുമ്മായം, കൂലി, ചെലവ്
- തെങ്ങ്കൃഷി ജൈവവളം, കുമ്മായം എല്ല്പൊടി, വേപ്പിൻ പിണ്ണാക്ക്
- മുകൻ കൃഷി-കൂലി, ചെലവ്
- കുറ്റി കുരുമുളക്
- പുഷ്പ കൃഷി പ്രോത്സാഹനം
- മട്ടുപ്പാവിൽ മൺചട്ടി പച്ചക്കറി തൈ
- കവുങ്ങ് തൈ വിതരണം
- മത്സ്യവിൽപ്പനക്കാർക്ക് ഐസ്ബോക്സ് വിതരണം
- ഉൾനാടൻ മത്സ്യകൃഷി വികസനം
- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (100 പേർക്ക്)
- മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ
- മിൽക്ക് ഇൻസെന്റീവ് സ്കീം
- കറവപശുക്കൾക്ക് - കാലിത്തീറ്റ വിതരണം
- Cow Lifter ലഭ്യമാക്കൽ
- ധാതുലവണങ്ങൾ, വിര മരുന്ന് വിതരണം
- കാലാവസ്ഥാ വ്യതിയാനം/കാർബൺ തുലിതഗ്രാമം പ്രാദേശിക കർമ്മപരിപാടി (Local Area Action Plan On Climate Change)
- തുരുത്തി - The Greenary of Thiruvallur
- തദ്ദേശീയ വൃക്ഷ ഇന സംരക്ഷണവും വിത്ത് ബാങ്ക് സ്ഥാപിക്കലും
- നക്ഷത്ര/ഔഷധ വന വ്യാപന പദ്ധതി
- പച്ചക്കറി, കിഴങ്ങ് വർഗ്ഗ വിത്ത് വിതരണം
- സുഗന്ധവിള - തൈകൾ വിതരണം
- മുട്ടകോഴി വിതരണ പദ്ധതി
- കതിരണി - തരിശ് നെൽകൃഷി
- തുണിസഞ്ചി നിർമ്മാണ വിതരണ യൂണിറ്റ് സ്ഥാപിക്കുക.

## സേവന മേഖല

- പഞ്ചായത്ത് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാർഷിക കരാർ
- ഐ.കെ.എം. വിഹിതം കൈമാറൽ
- ടി.എ. വേതനം
- വേനൽക്കാല കുടിവെള്ള വിതരണം
- ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ
- ഓഫീസ് ഉപയോഗത്തിന് ഇലക്ട്രിക്ക് സ്കൂട്ടർ
- ഫ്ര് ഓഫീസിൽ കോഫി വെന്റിംഗ് മെഷീൻ സ്ഥാപിക്കുക.
- മീറ്റിംഗ് ഹാൾ സൗ സിസ്റ്റം സ്ഥാപിക്കൽ

- അങ്കണവാടികളിലേക്ക് പാത്രങ്ങൾ
- വയോജന ഉല്ലാസ യാത്ര
- ഭിന്നശേഷിക്കാർക്കും/രക്ഷിതാക്കൾക്കും സ്വയം തൊഴിൽ ഉപജീവന മാർഗ്ഗം
- ഹോളോം ഗ്രാം തീം പാർക്ക്
- വർക്ക് നിയർ ഹോം
- ആയുർവ്വേദ ആശുപത്രി പഞ്ചകർമ്മ പദ്ധതി
- കിണർ നവീകരണം - വ്യക്തിഗതം
- മുറ്റത്തൊരു മീൻ തോട്ടം
- വീട് വാസയോഗ്യമാക്കൽ - ജനറൽ
- ഹോമിയോ ഡിസ്പൻസറി ആവർത്തന ചെലവുകൾ
- ആയുർവ്വേദ ഡിസ്പൻസറി ആവർത്തന ചെലവുകൾ
- വെറ്റിനറി ഡിസ്പൻസറി ആവർത്തന ചെലവുകൾ
- സി.എച്ച്.സി. സബ്സെന്റർ ഡിസ്പൻസറി ആവർത്തന ചെലവുകൾ
- അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ് ആവർത്തന ചെലവുകൾ
- സർക്കാർ സ്കൂൾ ആവർത്തന ചെലവുകൾ
- കൃഷിഭവൻ ആവർത്തന ചെലവുകൾ
- അംഗീകൃത ഗ്രന്ഥശാലകൾക്ക് വർത്തമാനപത്രം/പ്രസിദ്ധീകരണങ്ങൾ
- അംഗീകൃത ഗ്രന്ഥശാലകൾക്ക് ലാപ്ടോപ്പ്
- വിദ്യാലയങ്ങൾക്ക് ക്ലാസ്റൂം ലൈബ്രറി ഉപകരണങ്ങൾ
- എസ്.സി. വിവാഹ ധനസഹായം
- എസ്.സി. ലാപ്ടോപ്പ് വിതരണം (പ്രൊഫഷണൽ കോഴ്സ് പഠിതാവ്)
- എസ്.സി. സ്കോളർഷിപ്പ്
- എസ്.സി. പഠനമുറി
- എസ്.സി. പ്രതിഭാ പിന്തുണ പ്രോത്സാഹന പദ്ധതി
- എസ്.സി. വീട് വാസയോഗ്യമാക്കൽ/കിണർ പരിഷ്കരണം
- എസ്.സി. ലൈഫ് ഭവന പദ്ധതി
- സ്നേഹസ്പർശം
- പാലിയേറ്റീവ് കെയർ
- പദ്ധതി രൂപീകരണം, മോണിറ്ററിംഗ്
- പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവൽക്കരണം
- പ്രൊജക്ട് അസിസ്റ്റന്റ് വേതനം
- സ്ട്രീറ്റ് ലൈറ്റ് റീപ്ലേസ്മെന്റ്
- അനുപൂരക പോഷകാഹാരം
- വിശപ്പ് രഹിത കേരളം-കുടുംബശ്രീ ഹോട്ടൽ വാടക, വൈദ്യുതി ഇനം
- ബഡ്സ് സ്കൂൾ ജീവനക്കാർ-ഹോണറേറിയം
- ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
- പഞ്ചായത്ത്, ഘടകസ്ഥാപനങ്ങൾ-ആസ്തി രജിസ്റ്റർ ഡിജിറ്റലൈസേഷൻ
- ദിശാബോർഡുകൾ, പ്രവേശനബോർഡുകൾ

- അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ – ഭക്ഷണം, മരുന്ന്, വീട്, പുനരുദ്ധാരണം
- ലൈഫ് ഭവനപദ്ധതി
- ഭിന്നശേഷി മെഡിക്കൽക്യാമ്പ് – യു.എച്ച്.ഐ.ഡി കാർഡ് വിതരണം
- ഭിന്നശേഷി തൊഴിൽ പരിശീലനം
- ബഡ്സ് – ബി.ആർ.സി. പോഷകാഹാര വിതരണം
- "സുകൃതം" – വയോജനോത്സവം
- "ഹർഷം" – ഭിന്നശേഷി കലോത്സവം
- മെസ്ട്രൽ കപ്പ് വിതരണം
- വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം
- ചിൽഡ്രൻസ് ഹാപ്പിനസ് പാർക്ക് ഇൻ സ്കൂൾസ്
- വനിതകൾക്ക് ഡ്രൈവിങ്ങ് പരിശീലനം
- കുട്ടികൾക്ക് സമഗ്ര "ഗ്രാസ്സ് റൂട്ട് " കായിക പരിശീലന പദ്ധതി
- പഞ്ചായത്ത്തല കായിക മത്സരങ്ങൾ – (എൽ.പി.)
- ജീവതാളം പദ്ധതി തിരുവള്ളൂർ
- പകർച്ചവ്യാധി പ്രതിരോധം – സമഗ്രാരോഗ്യ പദ്ധതി
- വയോജനങ്ങൾക്ക് പോഷകാഹാര പദ്ധതി (75 വയസ്സിന് മുകളിൽ)
- വൃക്കരോഗികൾക്ക് ഡയാലിസിസ് ധനസഹായം
- മരുന്ന് വാങ്ങൽ (ആയുർവേദം)
- എ.ബി.സി. തെരുവ് നായ നിയന്ത്രണ പദ്ധതി
- മരുന്ന് വാങ്ങൽ (ഹോമിയോ)
- സദ്ഗമയ പദ്ധതി
- വിവിധ കുടിവെള്ള പദ്ധതി പൂർത്തീകരണം
- ഹരിതകർമ്മ സേനയ്ക്ക് അതിദരിദ്രർ, ആശ്രയ യൂസർഫീ വിഹിതം
- സമഗ്ര ഗാർഹിക ജൈവമാലിന്യ പദ്ധതി – റിംഗ് കമ്പോസ്റ്റ്
- മാലിന്യ പരിപാലനം വിദ്യാലയങ്ങൾക്ക് ഇൻസിനേറ്റർ
- യു.പി.സ്കൂളുകൾക്ക് ലാബ് ഉപകരണങ്ങൾ
- ഗവ: സ്കൂളുകൾക്ക് ഓഫീസ് ഫർണിച്ചർ
- വിദ്യാലയങ്ങൾക്ക് ഉച്ചഭക്ഷണ പാത്രങ്ങൾ
- വിജയപാഠം– (സമഗ്ര വിദ്യാഭ്യാസ പദ്ധതി)
- കേരളോത്സവം 2005–26
- സാക്ഷരത തുല്യത ഫീസ്
- തിരുവള്ളൂർ കലാദിനം
- അംഗനവാടി കലാ–കായിക മത്സരങ്ങൾ
- കുട്ടികൾ, യുവാക്കൾക്ക് മത്സരപരീക്ഷകൾക്ക് "ഉത്തരയാത്ര" പദ്ധതി
- ജൈവ വൈവിദ്യ റജിസ്റ്റർ പുതുക്കൽ ഡിജിറ്റലൈസ് ചെയ്യൽ
- വെതർ സ്റ്റേഷൻ സ്ഥാപിക്കൽ (റീബിൽഡ് കേരള ഇനീഷ്യേറ്റീവ്)
- ശിശുസൗഹൃദ ഗ്രാമം – കുട്ടികളുടെ ഗ്രാമസഭ സംഘാടനം
- കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്റർ വേതനം

- എസ്.എസ്.കെ. വിഹിതം നൽകൽ
- വിദ്യാലയങ്ങൾക്ക് പ്രഭാത ഭക്ഷണ പരിപാടി
- ആശ്രയ ഭക്ഷ്യകിറ്റ് വിതരണം
- ഹെൽത്ത് ഫിറ്റ്നെസ് സെന്റർ, ഓപ്പൺ ജിം
- വാതിൽപ്പടി സേവനം
- ലഹരി വിരുദ്ധം - വിമുക്തി പദ്ധതി
- ഹരിത കർമ്മസേന യൂനിഫോം വിതരണം, ആരോഗ്യരക്ഷാ ഉപകരണങ്ങൾ, ഇൻഷൂറൻസ്, ഐ.ഡി. കാർഡ്
- മാലിന്യ പരിപാലനം ഐ.ഇ.സി. പ്രവർത്തനങ്ങൾ
- റിജക്റ്റഡ് വെയിസ്റ്റ് കയറ്റി അയക്കൽ
- അംഗനവാടികളിൽ വയോ കോർണറുകൾ
- അംഗനവാടികളിൽ ഫിറ്റ്നസ് യൂണിറ്റുകൾ

## പശ്ചാത്തല മേഖല

വാർഡ് 1

- കുറ്റിപ്പുറത്ത്കി വള്ള്യാട് മദ്രസ്സ റോഡ്
- കുയ്യാലിൽ മുക്ക് മുറിച്ചാിത്താഴ റോഡ്

വാർഡ് 2

- കിയിൽ പീടിക- തച്ചർകി കനാൽ റോഡ്.
- മണോളൻ കി- കപ്പള്ളി മുക്ക് റോഡ്.

വാർഡ് 3

- മാവിലാട്ട് മുക്ക് - മലോൽ മുക്ക് റോഡ്.
- തയ്യുള്ളതിൽ മുക്ക് ചീളുപറമ്പത്ത് മുക്ക് റോഡ്.

വാർഡ് 4

- പുരയുള്ളമല വട്ടക്കത്തിൽ മുക്ക് പുളിയനാട്ടിൽ മുക്ക് റോഡ്.
- വെളുത്തപറമ്പത്ത് മുക്ക് അയിഷ മെമ്മോറിയൽ അങ്കണവാടി റോഡ്.

വാർഡ് 5

- നാറാണത്തു ബാലവാടി റോഡ്.
- മരുതിയാട്ട് താഴെ ഡിസ്ട്രിബ്യൂട്ടറികനാൽ നന്ദാനത്ത് മുക്ക്

വാർഡ് 6

- പുത്തൂത്തറ പീടികയുള്ള മല റോഡ്.
- ചെമ്പോട്ടുകി കുഴിച്ചാൽ മുക്ക് റോഡ്.

വാർഡ് 7

- കിയിൽ പുതുക്കുടി മുക്ക് പറമ്പത്ത് പീടിക റോഡ്
- കോഴിപ്പള്ളി ചാലിൽ കുറ്റിയിൽ റോഡ്

വാർഡ് 8

- കുളമുള്ളതിൽ റോഡ്
- കുനിവയൽ കുഞ്ഞിരയരോത്ത്

വാർഡ് 9

- മേക്കൊടക്കാട്ട് തെക്കെതറേമ്മാക്കീൽ
- കോമത്ത് ചാത്തോത്ത് മുക്ക് കൊഴുക്കുത്താഴ.

വാർഡ് 10

- മണക്കാടൻ കി കിഴക്ക്യേടത്ത് ക്ഷേത്രം റോഡ്.
- ചാലിക്കി പള്ളി നിരയിൽ റോഡ്.

വാർഡ് 11

- കൂമുള്ളി പാലം റോഡ്
- തുരുത്തി അമ്പലം പുത്തൻ പുരയിൽ താഴെ സ്തൂപം റോഡ്

വാർഡ് 12

- മാടിയമല മൊടോംകി മുക്ക് റോഡ്.
- പോതിക്കുളം വില്ലൂന്നിപ്പാറ റോഡ്.

വാർഡ് 13

- പുതിയോട്ടിൽ കണ്ണംവെള്ളിതാഴ
- കുന്നോത്തറമ്മൽ-തൈവെച്ച പറമ്പത്ത്താഴ വയൽ റോഡ്

വാർഡ് 14

- വാഴയിൽ തറവട്ടത്ത് റോഡ്
- വളച്ചുകെട്ടി പാറയുള്ളതിൽ താഴ റോഡ്

വാർഡ് 15

- പുതിയെടുത്ത് താഴ- മാതോത്ത് റോഡ്
- വെള്ളരി കത്തിൽ - എരപുരത്ത് റോഡ്

വാർഡ് 16

- കല്ലറക്കി മുക്ക് പീടികയുള്ള പറമ്പത്ത്
- രാമതറേമ്മൽ-മണപറമ്പത്ത് റോഡ്

വാർഡ് 17

- പൊയ്യയിൽ നടുക്കി ഭാഗം റോഡ്
- കണ്ണോത്ത് മുക്ക് വലിയപറമ്പത്ത്

വാർഡ് 18

- മലപ്പാടി ലക്ഷം വീട് റോഡ്
- പാലയാട്ട് മീത്തൽ വെങ്കമല റോഡ്

വാർഡ് 19

- വിലങ്ങിൽ - കുളങ്ങരത്ത് റോഡ്.
- വലിയ പറമ്പത്ത് മുക്ക് - വാഴേരിത്തായ റോഡ്.

വാർഡ് 20

- മാണിക്കോത്ത് മുക്ക് അമ്മാരപ്പള്ളി താഴെ റോഡ്.
- ചാലിൽമുക്ക് കുന്നുമ്മൽ കാട്ടിൽ റോഡ്.

- വോളിബോൾ കോർട്ട് അക്കാദമി
- ബസ്സ്റ്റാന്റ് നിർമ്മാണം
- കണ്ണമ്പത്ത്കര സബ്ബ്സെന്റർ കെട്ടിട നിർമ്മാണം
- ഹോമിയോ ആശുപത്രി കെട്ടിട പുനർനിർമ്മാണം
- തിരുവള്ളൂർ നീന്തൽകുള നിർമ്മാണം
- ഹൈമാസ്റ്റ് & ലോമാസ്റ്റ് എ.എം.സി.
- തെരുവ് വിളക്ക് - സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ
- 17, 20 സെന്റർ നമ്പർ അംഗനവാടികൾ സ്മാർട്ട് അംഗനവാടികളായി ഉയർത്തുക
- ആസാദി മാർഗ്ഗ് - റോഡ്, നടപ്പാതകളുടെ നിർമ്മാണം, സ്ട്രീറ്റ് ലൈറ്റ്
- ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം
- എസ്.സി ശ്മശാനം അറ്റകുറ്റപ്പണി
- എസ്.സി. കോളനി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ
- പഞ്ചായത്ത് കളിസ്ഥല നിർമ്മാണം
- സബ്ബ് സെന്ററുകളുടെ നവീകരണം
- മാനവീയം നവീകരണ പ്രവർത്തനങ്ങൾ
- "ടെയ്ക് എ ബ്രേക്ക്"
- എം.സി.എഫ്. നിർമ്മാണം
- പഞ്ചായത്ത് ഓഫീസ് നവീകരണം
- ഹാപ്പിനസ് പാർക്ക് (ഇരിപ്പിടം, വൈഫൈ, വർക്ക് ഫ്രം ഹോം, ടെലിവിഷൻ, മുതലായ സൗകര്യങ്ങളോടെ)

# വായ്പ ബന്ധം

മുൻകാലങ്ങളിൽ വായ്പാബന്ധിത പദ്ധതികൾ കാര്യമായി ഏറ്റെടുക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കഴിഞ്ഞ വർഷം മുതൽ സംരംഭക വികസനവുമായ് ബന്ധപ്പെട്ട് തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച് പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കാൻ നടത്തിയ ശ്രമം ചെറിയ രീതിയിൽ തുടക്കം കുറിക്കപ്പെട്ടിട്ടു്. ഈ വർഷം ഈ മേഖലയിൽ കൂടുതൽ പ്രവർത്തനമികവ് ഭരണസമിതി ലക്ഷ്യമിടുന്നു. സംസ്ഥാന സർക്കാറിന്റെ ഒരു വർഷം കൊ് ഒരു ലക്ഷം പേരെ സംരംഭകരാക്കുക എന്ന പദ്ധതിയോട് കൈകോർത്ത് തിരുവള്ളൂർ സംരംഭക ചാലഞ്ച് എന്ന പ്രാദേശിക പരിപാടിയിലൂടെ പരമാവധി പേരെ വായ്പ ബന്ധിത സംവിധാനത്തിലൂടെ നവസംരംഭകരാക്കാൻ ഗ്രാമപഞ്ചായത്ത് ആഗ്രഹിക്കുന്നു. കോവിഡ് സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾ, യുവ സംരംഭകർ, കുടുംബശ്രീ സംഘങ്ങൾ, മറ്റ് സ്വാശ്രയ സംഘങ്ങൾ, വ്യക്തികൾ എന്നിവരെയെല്ലാം ഈ സംരംഭക പദ്ധതിയുടെ ഗുണഭോക്താക്കൾ ആക്കാവുന്നതാണ്.

ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ, വിവിധ ക്ഷേമകോർപ്പറേഷനുകളുടെ വായ്പാബന്ധിത പരിപാടികൾ എന്നിവയുടെ മുഴുവൻ സേവനങ്ങളും പഞ്ചായത്തിലെ സംരംഭകർക്ക് ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതി, ലീഡ് ബാങ്ക്, നബാർഡ്, പ്രവാസി സംഘടനകൾ എന്നിവരിലൂടെ നടപ്പിലാക്കാൻ സാധിക്കും.

## സ്മരണ

കള്ളപ്പണം തടയുന്നതിനും കള്ളനോട്ടുകളുടെ പ്രചാരം തടയുന്നതിനും ഭീകരരുടെ സാമ്പത്തിക സ്രോതസ്സ് തടയുന്നതിനുമാണ് ഈ നടപടിയെന്നു പ്രധാനമന്ത്രി വാദിക്കുന്നു. ഈ ഉദ്ദേശ്യത്തോടു ഞാൻ വിയോജിക്കുന്നില്ല. എന്നാൽ നോട്ടുകൾ അസാധുവാക്കാനുള്ള ഈ നടപടി നടപ്പാക്കുന്നതിൽ വൻവീഴ്ചയുായി എന്നതിൽ രാജ്യത്തു രഭിപ്രായമില്ല. തൽക്കാലത്തേക്കു ചില ബുദ്ധിമുട്ടുകളെല്ലാം ഉാകുമെങ്കിലും ദീർഘകാലാടിസ്ഥാനത്തിൽ രാജ്യതാൽപര്യത്തിനു ഗുണകരമാണിതെന്നു വാദിക്കുന്നവരെ ജോൺ കെയ്ൻസിന്റെ ഈ വാക്കുകൾ ഓർമിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, 'ദീർഘകാലാടിസ്ഥാനത്തിൽ നോക്കിയാൽ നാമെല്ലാവരും മരിച്ചവരായിരിക്കും.'



–മൻമോഹൻസിംഗ്

# സമഗ്ര പരിപാടികളും സംയോജന സാധ്യതകളും

സർക്കാർ അർദ്ധസർക്കാർ ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ ഉൾപ്പെടെ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തി വിവിധ മേഖലകൾ കേന്ദ്രീകരിച്ചുകൊ ുള്ള സമഗ്ര വികസനമാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യം വെക്കുന്നത്. നമ്മുടെ പാടശേഖരം തരിശുരഹിതമാക്കി നാടിന്റെ അരി ആവശ്യം പൂർത്തീകരിക്കാം. കൂട്ടു കൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയും. വിവിധ കിഴങ്ങു വിളകളും ധാന്യങ്ങളും നമുക്ക് ഉൽപ്പാദിപ്പിക്കാൻ കഴിയും. ഫലവൃക്ഷ ങ്ങൾ വച്ചുപിടിപ്പിക്കുന്നതിലൂടെയും ജൈവകൃഷി പ്രോത്സാഹനത്തിലൂടെയും വിഷരഹിത പോഷകാഹാരം സാധ്യമാക്കാം. കിണർ റീചാർജ് വ്യാപകമാക്കിയും ജൽജീവൻ മിഷൻ പദ്ധതി യാഥാർത്ഥ്യമാക്കിയും കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാം.

ഹരിതകർമ്മസേനയെ കൂടുതൽ കാര്യക്ഷമമാക്കി കൃത്യമായ സമയക്രമത്തിൽ വീടുകളിൽ നിന്ന് പാഴ്‌വസ്തുക്കൾ ശേഖരിച്ച് ഫലപ്രദമായ എം.സി.എഫ്. സംവി ധാനം വഴി മാലിന്യമുക്ത പഞ്ചായത്താക്കിമാറ്റും. ബസ്റ്റാന്റ് നിർമ്മാണം പൂർത്തീക രിച്ച് വികസന കുതിപ്പിന് ആക്കം കൂട്ടും. മാലിന്യമുക്തമായ മത്സ്യമാർക്കറ്റ് സംവി ധാനം പൂർണ്ണതയിലേക്കെത്തിക്കഴിഞ്ഞു. പ്രവാസി വ്യവസായ സംരംഭങ്ങൾ, കുടും ബശ്രീ സൂക്ഷ്മ സംരംഭങ്ങൾ, ഭിന്നശേഷി അതിജീവന പദ്ധതികൾ തുടങ്ങിയവയി ലൂടെ പ്രാദേശിക സാമ്പത്തിക വികസനം യാഥാർത്ഥ്യമാക്കും. എല്ലാവർക്കും വീട് എന്ന ലക്ഷ്യം പൂർണ്ണമാക്കുന്നതിന്റെ ഭാഗമായി ലൈഫ് ഭവനപദ്ധതിയിലെ എല്ലാ അപേക്ഷകരേയും പരിഗണിക്കാൻ കഴിഞ്ഞിട്ടു്. സാംക്രമിക രോഗങ്ങളേയും പകർച്ചവ്യാധികളെയും നിയന്ത്രിച്ചും മാരകരോഗ ബാധിതർക്ക് മരുന്നും സാന്ത്വനപരി ചരണം ലഭ്യമാക്കിയും ആരോഗ്യ മേഖലയിൽ ഇടപെടും. മൃഗസംരക്ഷണ മേഖല യിൽ നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമാക്കിയും നവാഗതർക്ക് കടന്നുവരാൻ കഴിയുംവിധം വൈവിധ്യവത്കരണം സാധ്യമാക്കും. പാൽ, ഇറച്ചി, മുട്ട തുടങ്ങിയവ യുടെ ലഭ്യത നാട്ടിൽ നിന്നുതന്നെ ഉറപ്പാക്കും.

ഇങ്ങനെ തിരുവള്ളൂരിന്റെ വികസന ആവശ്യങ്ങളുടെ പൂർത്തീകരണത്തിന് ലഭ്യമാവുന്ന എല്ലാ മേഖലകളിൽ നിന്നും ഫ് സമാഹരിച്ച്, പ്രത്യേകിച്ചും എം.പി., എം.എൽ.എ, സി.എസ്.ആർ. ഫുകൾ തുടങ്ങിയവ പരമാവധി പ്രയോജനപ്പെ ടുത്തി മുന്നോട്ടു പോകും.

അദ്ധ്യായം - 12

# മോണിറ്ററിംഗ് സംവിധാനം

പ്രൊജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേ താണ്. അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേ തു്. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേ താണ്. വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറായി വർക്കിംഗ് ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേതും ഇങ്ങനെ തീരുമാനിച്ച കാര്യം സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കുന്നതുമാണ്.

സാമൂഹ്യാധിഷ്ഠിത സംഘടന പോലുള്ള ജനകീയ സംഘടനകളെ പ്രാദേശിക മോണിറ്ററിംഗ് സമിതികളായി ചുമതലപ്പെടുത്താവുന്നതാണ്. നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് പ്രവർത്തിയുടെ പേര് വർഷം പ്രവൃത്തി നടത്തുന്ന നിർവ്വഹണ ഏജൻസിയുടെ/കരാറുകാരന്റെ പേരും ഫോൺ നമ്പറും, എഞ്ചിനിയറുടെ പേരും ഫോൺ നമ്പറും അടങ്കൽ തുക പ്രവൃത്തിയിൽ ഉപയോഗിക്കേ സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവർത്തി സ്ഥലത്ത് പ്രദർശിപ്പിക്കേ താണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തി സ്ഥലത്ത് പ്രവർത്തിയുടെ പേര് വർഷം ചെലവഴിച്ച തുക, ഫിന്റെ ഇനം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ രേഖപ്പെടുത്തി പ്രദർശിപ്പിക്കണം. ഡിസ്പ്ലേ ബോർഡുകൾക്ക് ആവശ്യമായ തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

അദ്ധ്യായം - 13

# ഉപസംഹാരം

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ വികസനമേഖലകളെ പ്രാധാന്യങ്ങൾക്കനുസരിച്ച് ഉൾക്കൊും പരിഗണിച്ചും മുൻഗണനാക്രമത്തിൽ ക്രോഡീകരിച്ച് നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം നമുക്ക് നിർവ്വഹിക്കണം. പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും കഴിഞ്ഞ കാലങ്ങളിലുായ വീഴ്ചകൾ മനസ്സിലാക്കിയും പരിഹരിച്ചും നവീന മാതൃകാപദ്ധതികൾ ആവിഷ്കരിച്ചും നമുക്ക് ഒരുമിച്ച് പ്രവർത്തിച്ച് നല്ലനാടിനെ രൂപപ്പെടുത്താം.

# സ്മരണ



നമ്മൾ ശ്രമിച്ചുകൊയേിരിക്കണം. എവിടെയൊ ഒരു മരുപ്പച്ചയു്. എത്തുമെന്ന് ഉറപ്പില്ല. എങ്കിലും പ്രതീക്ഷയോടെ നമ്മൾ സഞ്ചരിച്ചു കൊയേിരിക്കണം. എത്തിയില്ലെങ്കിലും ആ യാത്ര വലിയൊരു കാര്യമാണ്. അത് തുടർന്നുകൊിരിക്കണം. അതാണ് നമ്മളെ മുന്നോട്ട് നയിക്കുന്നത്.

– എം.ടി.വാസുദേവൻനായർ